**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5916** **25-03-2025 - ൽ മറുപടിയ്ക്ക്**

**വേനൽക്കാലത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വേനൽക്കാലത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ വൈദ്യുതി പുറത്ത് നിന്ന് വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് വേനൽകാലത്ത് അനുഭവ പ്പെട്ടേക്കാവുന്ന വർദ്ധിച്ച വൈദ്യുതി ഉപയോഗം തടസമില്ലാതെ നിറവേറ്റുന്നതി നായി ആവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ട്. ഇപ്രകാരം ഹ്രസ്വകാല കരാർ പ്രകാരവും പവർ സ്വാപ്പിങ് മുഖേനയും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. വേനൽക്കാലത്തെ അധിക വൈദ്യുതി ആവശ്യകത മുൻകൂട്ടി കണ്ട് ഉത്തരേന്ത്യ യിലെ മറ്റു സംസ്ഥാനങ്ങളുമായി പവർ സ്വാപ്പിങ് മുഖേന വൈദ്യുതി ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.<br><br>നിലവിൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30 ശതമാനത്തിനു താഴെ മാത്രമേ ആഭ്യന്തര ഉല്പാദനത്തിലൂടെ ലഭ്യമാകുന്നുള്ളൂ. ബാക്കി വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും കേന്ദ്ര വിഹിതമായി ലഭിക്കുന്നതും വിവിധ ദീർഘകാല/ഹ്രസ്വകാല കരാറുകൾ വഴി ഉറപ്പാക്കിയിട്ടുള്ള വൈദ്യുതിയും ആണ്. 2025 വർഷത്തെ വേനൽ കാലത്തു സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യം മുന്നിൽ കണ്ടു വൈദ്യുതി ആവശ്യകതയും വിപണിയിലെ ലഭ്യതയും വിലയിരുത്തി വൈദ്യുതി ക്ഷാമം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചു വരുകയാണ്.<br><br>ഇതിന്റെ ഭാഗമായി 2025 മാർച്ച് മാസത്തേക്ക് 300 മെഗാവാട്ടും ഏപ്രിൽ മാസത്തേക്ക് 695 മെഗാവാട്ടും, മെയ് മാസത്തേക്ക് 250 മെഗാവാട്ടും മുഴുവൻ സമയ ലഭ്യതയിൽ വൈദ്യുതി' വാങ്ങുവാനുള്ള ഹ്രസ്വകാല കരാറിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഏർപ്പെട്ടി ട്ടുണ്ട്. കൂടാതെ അധിക വൈദ്യുതി ആവശ്യമായി വരുന്ന പീക്ക് സമയത്തേക്ക് ഏപ്രിലിലും മേയ്യിലും 355 |

| | | | |
|---|---|---|---|
| | | | മെഗാവാട്ട് വീതമുള്ള ഹ്രസ്വകാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ അനുഭവപ്പെടുന്ന കടുത്ത വേനൽ മൂലം ഉപഭോഗം ക്രമാതീതമായി ഉയരുന്ന തിനാൽ ഏപ്രിൽ, മെയ് മാസങ്ങളിലെ അധിക ആവശ്യകത നിറവേറ്റാനായി ഒരു ഹ്രസ്വകാല ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്.<br><br>കൂടാതെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത മുന്നിൽ കണ്ടു സംസ്ഥാന സർക്കാരിന്റെയും കെ.എസ്.ഇ.ബി. എൽ.-ന്റെയും നിരന്തര അഭ്യർത്ഥന പ്രകാരം 2024 ഒക്ടോബർ മുതൽ തന്നെ കേന്ദ്രവിഹിതമായി NTPC-യുടെ ബാർ നിലയത്തിൽ നിന്നും 177 MW അധിക വിഹിതം ലഭിച്ചുവരുന്നു. 2025 ജൂൺ വരെ ഈ വൈദ്യുതി ലഭ്യമാകും. ഇതിനു പുറമെ NTPC നിലയങ്ങളിൽ നിന്നും 400-450 MW വൈദ്യുതി വിഹിതവും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.<br><br>ഇതിനുപുറമെ വേനൽക്കാല വൈദ്യുതി ആവശ്യകത നിറവേറ്റാനായി കെ.എസ്.ഇ. ബി.എൽ. വിവിധ ബാങ്കിങ് / കൈമാറ്റ കരാറുകളിലും ഏർപ്പെടുകയുണ്ടായി. ഇത്പ്രകാരം 2024 മെയ് മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ കെ.എസ്.ഇ.ബി.എൽ. നൽകിയ വൈദ്യുതി സംസ്ഥാനത്തിന് വൈദ്യുതി അധികം ആവശ്യമുള്ള 2025 ഏപ്രിൽ മാസത്തിൽ തിരികെ ലഭ്യമാവുന്നതാണ്. ഇതിനു പുറമെ 2025 മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിലേക്കായി മറ്റു ബാങ്കിങ് കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം വർധിക്കുന്ന സാഹചര്യത്തിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ചാർജ്ജ് ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | ഇല്ല. 80%ത്തോളം വൈദ്യുതി പുറമേ നിന്നു വാങ്ങുന്നതിനാലും വേനൽക്കാലത്ത് വൈദ്യുതിയുടെ വാങ്ങൽ വില ഉയർന്നു നിൽക്കുന്നതിനാലും അത്തരം നിർദ്ദേശങ്ങളൊന്നും നിലവിലില്ല. എന്നാൽ ചില വിഭാഗം ഉപഭോക്താക്കൾക്ക് പകൽ ഉപയോഗത്തിന് നിലവിൽ 10% താരീഫിൽ ഇളവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ